കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

MS

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.06/2643/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.06/2643/2025 തീയതി: 15/12/2025

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2024 മുതൽ 29-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-11-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശറഫ് പെരുമ്പള്ളി കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	30-10-2025	07-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
30-10-2025	07-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ഗഫൂർ. സി,ഓഡിറ്റ് ഓഫീസർ
2. ശ്രീ.റഷീദ് വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

3. ശ്രീ.ജാസിം. എൻ.വി ഓഡിറ്റർ
4. ശ്രീമതി.നവ്യ കെ.വി.ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വിദ്യ രാജൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ഷക്കീല എ.എസ്.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി യമുന.എം.ബി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ. നവനീത് കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	23-09-2024
ശ്രീമതി അലിൻ മരിയ സ്റ്റാൻലി	അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്)	24-09-2024	26-11-2024
ശ്രീ പ്രവീൺ വി	അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്)	27-11-2024	15-01-2025
ശ്രീമതി. ധന്യ ടി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	16-01-2025	31-03-2025
ശ്രീമതി. നിഷ കെ.വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	01-11-2024
ശ്രീ.അജയൻ ഐ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	02-11-2024	31-03-2025
ശ്രീമതി. സുലൈഖ പി.എം.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ. പർവ്വീൻ പി.ടി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2024	17-01-2025
ഡോ. ജുമാൻ സി.പി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	18-01-2025	31-03-2025
ഡോ. പ്രിയ വിജയൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. ബിബിൻ എം.വി.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2024	14-03-2025

ഡോ.വിജിൻ വിജയ്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	15-03-2025	31-03-2025
ശ്രീ. മനോജ് എം. വർഗീസ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി റിൻഷില എസ്.	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. അനഘ എ എ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. സജി സാമുവൽ	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല	1-1-4
6	Deposit Register ലെ തുക B7 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	പിൻവലിച്ച തുകയുടെ വിവരം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.	1-1-6
8	വാടകയിനത്തിലെ വരവ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക നില	1-3
11	ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-11
19	ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ.	1-12
20	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല.	1-13
21	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു	1-14
22	സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.	1-15
23	കില ട്രെയിനിംഗിന് പോയതിനുള്ള ടാക്സി വാടക - ചെലവ് തുക നിരാകരിക്കുന്നു. [ബാക്കി]	1-16
24	എസ്.എസ്.കെ വിഹിതം നൽകൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. [H.M]	1-17

25	ഭൂജല വകുപ്പ് ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.	1-18
26	ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.	1-19
27	കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.	1-20
28	ശിശുദിന സ്റ്റാമ്പിന്റെ വില തനത് ഫണ്ടിൽ നിന്ന് അനുവദിച്ചു.	1-21
29	ഹെൽത്ത് ആന്റ് വെൽനസ് സെന്റർ ബ്രാന്റിംഗ് പ്രവൃത്തിയിലെ അപാകതകൾ	1-22
30	റോഡ് മെയിന്റനൻസ് ഫണ്ട് 77 ലക്ഷം രൂപ ലാപ്സായി	1-23
31	ഇ ടെണ്ടർ ഫീ -ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല	1-24
32	കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ സ്ഥാപിക്കൽ -അധികം പിരിച്ചെടുത്തു ഗുണഭോക്തൃ വിഹിതം തിരിച്ചു അടവാക്കേണ്ടതാണ്.	1-25
33	ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവിൽ ലിസ്റ്റ് ചെയ്യാത്ത സാധനം വാങ്ങി	1-26
34	കുടുബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു	1-27
35	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് അനലൈസർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല	1-28
36	കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല	1-29
37	ചെലവു രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല	1-30
38	പി. എച്ച്.സി - ആശുപത്രി വികസന സമിതിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.	1-31

ഭാഗം 2

No Remarks Found

ഭാഗം 3

1	ശിശുദിന സ്റ്റാമ്പിന്റെ വില തനത് ഫണ്ടിൽ അനുവദിച്ചു - ഗ്രാമപഞ്ചായത്തിന് 7,500/- രൂപ നഷ്ടം.	3-1

ഭാഗം 4

1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ /വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9

10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം.	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05.06.2025 തീയതിയിലെ തീരുമാനം നം. 1 പ്രകാരം അംഗീകരിച്ച് 09.06.2025 തീയതിയിൽ എഐംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികകൾ 31.03.2025 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

സ്ഥലം : മലപ്പുറം
തീയതി : 15/12/2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-14856699/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (11918674/-) ഒരുപോലല്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ B11-(E) Annual Plan – Capital Expences (Infrastructure Sector) എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തികളുടെ മൂല്യങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

1-1-4 Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ബി)).

1-1-5 Deposit Register ലെ തുക B7 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

Deposit Register പ്രകാരമുള്ള Other Deposit തുകയും (63527/-) B-7 പ്രകാരമുള്ള തുകയും (65471/-) പൊരുത്തപ്പെടുന്നില്ല.

1-1-6 പിൻവലിച്ച തുകയുടെ വിവരം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്യാഷ് ബുക്ക് പേജ് നമ്പർ 15 ലെ രേഖപ്പെടുത്തൽ പ്രകാരം പെർഫോമൻസ് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും (കേരള ഗ്രാമീൺ ബാങ്ക് 4015810141155) 17.10.2024 തീയതിയിൽ 56600 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 വാടകയിനത്തിലെ വരവ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം 2024-25 വർഷത്തിൽ 1250 രൂപ വരവുണ്ട്. ആയത് വാർഷിക കണക്കിൽ (RP-3) അക്കൗണ്ട് ചെയ്തിട്ടില്ല.

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തീയതി	2024-25 ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തീയതി
1(1)/15.02.2024	2(1)/22.03.2025

1-3 സാമ്പത്തിക നില

ഇനം	തുക (₹)
മുന്നിരിപ്പ്	82709180
വരവ്	99100867
ആകെ	181810047
ചെലവ്	113957566
നീക്കിയിരിപ്പ്	67852481

1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	31593471	31593471	27868207	3725264
വികസനഫണ്ട് (എസ്.സി.പി.)	0	4511407	4511407	4299577	211830

വികസനഫണ്ട് (ടി.എസ്.പി.)	0	5658253	5658253	5656434	1819
സംരക്ഷണഗ്രാന്റ് (റോഡ്)	0	18295000	18295000	10561509	7733491
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	9483000	9483000	6202977	3280023
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	17442388	17442388	6351602	11090786
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	6209912	6209912	8395280	-2185368

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
293	413454994	188	158448915	0	105	64.16%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണച്ചെലവുകൾ	0	2035853	2035853	2035853	0
ഗുണഭോക്താക്കൾക്ക് നേരിട്ട്	0	89364398	89364398	89364398	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	4129200	240
വിധവാപെൻഷൻ	20084100	1288
വാർദ്ധക്യകാലപെൻഷൻ	32557000	2241
വികലാംഗപെൻഷൻ	6481200	400
വിവാഹ ധനസഹായം	150000	5
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	337600	25

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2025 ന് 12:45 പി.എം. മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6846/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി അന്തിമമാക്കേണ്ടതുമാണ്. പൂർത്തിയാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 നം. സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	19.11.2022	2022 ഒക്ടോബർ	19.11.2022
എ.ജി ഓഡിറ്റ്	17.08.2023 മുതൽ 02.09.2023 വരെ	2020-21 മുതൽ 2022-23 വരെ	06.11.2023

1-11 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പോത്തുകൽ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 1/30.10.25 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്)

വർഷം	സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	ആകെ
2021-22		-	-	-
2022-23	-	236447	110000	346447
2023-24	5550000	961000	400000	6911000
2024-25		401000	637000	1038000
ആകെ	5550000	1598447	1147000	8245447

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2021-22	-	-	-	-
2022-23	-	66140		66140
2023-24	-	390873	322975	713848
2024-25	2309102	738002	178951	3226055
ആകെ	2309102	1195015	501926	4006043

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ
2024-25	3461245	441883	660603	4563731

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ്	സ്കീം

		തുക	
2022-23	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം മെച്ചപ്പെടുത്തൽ (193/23)	66140	3
	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം മെച്ചപ്പെടുത്തൽ (245/24)	168625	3
2023-24	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (258/24)	329555	4
	കുടുംബാരോഗ്യ കേന്ദ്രത്തിലും ആരോഗ്യ ഉപകേന്ദ്രങ്ങളിലും സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (259/24)	222248	1
	കുടുംബാരോഗ്യ കേന്ദ്രത്തിലും ആരോഗ്യ ഉപകേന്ദ്രങ്ങളിലും സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (265/25	738002	1
2024-25	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (266/25)	70445	4
	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (267/25)	108506	3
	വെള്ളിമുറ്റം സബ്സെന്റർ കെട്ടിടം നിർമ്മാണം (317/25)	1154633	1
	ഭൂദാനസബ്സെന്റർ കെട്ടിടം നിർമ്മാണം (318/25)	1310402	1
ആകെ		4168556	

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്പിൽ-1 പ്രകാരം 5550000 ലഭിച്ചിട്ടുണ്ട്. 2 പുതിയ സബ്സെന്ററുകൾ (ഭൂദാനം,വെള്ളിമുറ്റം) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കുടുംബാരോഗ്യ കേന്ദ്രത്തിനും ഉപ കേന്ദ്രങ്ങൾക്കും കെട്ടിടങ്ങളുണ്ടെങ്കിലും 1 ഉപകേന്ദ്രം Unit ആണ്.

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ദിനം പ്രതി 100 ൽ അധികം രോഗികൾ MORNING & Evening ഒ.പി.യിലായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി വഴി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തിക വർഷാവസാനം ലഭിച്ച ഗ്രാന്റ് തുകയും അതിന്റെ പലിശയും മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ.

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുഴൽ വെള്ളം ലഭ്യമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1). കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.

2). ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതു വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

3). പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷൻ പദ്ധതിക്കായി 10 വാട്ടർ ടാങ്കുകൾ നിർമ്മിക്കുന്നതിന് 11 സ്വകാര്യ വ്യക്തികളുടെ സ്ഥലം വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി. ആയത് പ്രകാരം 6 വ്യക്തികളുടെ സ്ഥലം 29,45,170/- രൂപ ചെലവഴിച്ച് 2024-25 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുണ്ട്. 8 വ്യക്തികളുടെ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ

സ്വീകരിച്ച് വരുന്നാണ്.

4). അമൃത് ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഫണ്ട് ലഭിച്ചിട്ടില്ല.

1-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ/പേര്	134/25 - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ തുക	350,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)
വിനിയോഗിച്ച തുക	350000/- രൂപ
ബിൽ നമ്പർ/തീയതി	241395203570130172I/10.2.25- 350,000/- രൂപ.

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, പ്രൊഫോർമ ഇൻവോയിസ് നമ്പർ. PI 119/16.1.2025 പ്രകാരം സൊസൈറ്റിക്ക് 350,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 230791 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം മാത്രമാണ് ഫാർമസിയിൽ ലഭ്യമായിട്ടുള്ളത് (ഇൻവോയിസ് നം.L 1602/27.9.25 തുക 230791) ബാക്കി 119209 രൂപയ്ക്ക് മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻവോയിസ് സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.11/31.10.25 നൽകിയതിന് മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയതല്ലാതെ ലഭ്യമാക്കി ഉറപ്പുവരുത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടച്ചാണ് രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടച്ചാണ് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

ക്രമ നം.	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസിയുടെ പേര്
1	80	ശിഫാസ് ഡെന്റൽ ക്ലിനിക്	ഡോ.വിജു
2	131	സ്കാൻ മെഡിക്കൽ ലബോറട്ടറി	കോശി ജേക്കബ്
3	170	നിധി മെഡിക്കൽ ലബോറട്ടറി	ജൂലിസ് എബ്രഹാം
4	259	സാന്ത്വനം ലാബ്	ഡിന്റു ഡാനിയൽ
5	286	ഡോ.ബാദിറാസ് ഹോമിയോ ക്ലിനിക്	ഡോ.ബാദിറ

മേൽ സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.04/31.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിവർഷങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-15 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ.	പ്രോജക്ടിന്റെ പേരും നമ്പരും.	നിർവ്വഹണ ഉദ്യോഗസ്ഥൻ.	സുലേഖ പ്രകാരമുള്ള ചെലവ്.	യഥാർത്ഥ ചെലവ്.	വ്യത്യാസം.
1	159/25 - ഉപ്പള അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം.	സെക്രട്ടറി.	5000	36,179/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	31,179/-
2	162/25 - ഹരിതകർമ്മസേന വാഹനത്തിന് വാടക നൽകൽ.	അസിസ്റ്റന്റ് സെക്രട്ടറി.	300000 (CFC) 552600 (തനത് ഫണ്ട്)	300000 (CFC) 767200 (തനത് ഫണ്ട്)	2,14,600/-
3	302/25 - പട്ടികജാതി കുടിവെള്ള പദ്ധതി വൈദ്യുതീകരണം.	സെക്രട്ടറി.	0	1,16,516/- രൂപ (തനത് ഫണ്ട്)	1,16,516/-

സുലേഖയിൽ അധികമായി ചെലവുകൾ രേഖപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 21/05.11.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല)

1-16 കില ട്രെയിനിംഗിന് പോയതിനുള്ള ടാക്സി വാടക - ചെലവ് തുക നിരാകരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 01.12.2024 ലെ LSGD/PD/5261/2023-EMP4 നമ്പർ ഉത്തരവ് പ്രകാരം, 2024 ഡിസംബർ 5 മുതൽ 18 വരെ തൃശ്ശൂർ കിലയിൽ വച്ച് നടന്ന കാര്യശേഷി വികസന പരിശീലനത്തിൽ പങ്കെടുക്കാനായി പോവുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കിലയിലേക്ക് യാത്ര ചെയ്യുന്നതിന് വാഹന വാടകയായി 3,480/- രൂപ വൗച്ചർ നമ്പർ. 22400853/14.01.2025 പ്രകാരം ശ്രീ. [illegible] ക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ആർ ഭാഗം II ചട്ടങ്ങൾ പൂർണ്ണമായി പാലിച്ച്, അർഹമായ യാത്രാ ബത്ത മാത്രമാക്കി അധികം നൽകിയ തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 24/6.11.2025 ഓഡിറ്റ് എൻക്വയറി പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഉണ്ടായിട്ടില്ല. മറുപടിയും ലഭിച്ചില്ല.

1-17 എസ്.എസ്.കെ വിഹിതം നൽകൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ.	3/25
പ്രോജക്ടിന്റെ പേര്.	എസ്.എസ്.കെ വിഹിതം [illegible]
അടങ്കൽ തുക.	11,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)
ചെലവഴിച്ച തുക.	11,00,000/- രൂപ.
ബിൽ നമ്പർ /തീയതി.	24151952009400680821/18.09.2024

മേൽ പദ്ധതി പ്രകാരം 11,00,000/- രൂപ എസ്.എസ്.കെ വിഹിതം ഇനത്തിൽ സമഗ്ര ശിക്ഷാ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രോജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (GO(MS) 84/2022/LSGD Dt: 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ ചേർക്കുന്നു.

1). എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. (ഖണ്ഡിക 8.6.3)

2). തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള അടങ്കലുള്ള

പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം (Utilization Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്ന് കൃത്യമായി നല്കണം. (ഖണ്ഡിക 8.6.4)

പദ്ധതിയുടെ നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല.
- വികസന പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 11.06.2025 ലെ A-1649/25/SSK നമ്പർ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതല്ല. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 9,99,166/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 1,00,834/- ഗ്രാമപഞ്ചായത്തിന് തിരിച്ച് നൽകിയിട്ടില്ല. സമഗ്ര ശിക്ഷ കേരള നടപ്പിലാക്കുന്ന പദ്ധതികളുടെ തുക ഇത്തരം സ്കൂളുകൾക്ക് നേരിട്ടല്ല കൈമാറുന്നത് എന്നതിനാൽ സ്കൂളുകൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നത് പ്രായോഗികമല്ല എന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ജില്ലാ പ്രോജക്ട് ഓഫീസർ നൽകിയിട്ടുള്ള വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നവെങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. മാർഗ്ഗരേഖ പ്രകാരമുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ കാര്യത്തിൽ വ്യക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 17/05.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 ഭൂജല വകുപ്പ് ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 66,960/- രൂപ ഭൂജല വകുപ്പിന് മുൻകൂർ നൽകിയിട്ടുണ്ട്.

ക്രമ നമ്പർ.	പ്രൊജക്റ്റ് നമ്പർ.	പ്രൊജക്റ്റിന്റെ പേര്.	അടങ്കൽ തുക.	ചെലവ് തുക.	മുൻകൂർ നൽകിയ തുക.	വൗച്ചർ /ബിൽ നമ്പർ & തീയതി.
1	158/25	എസ്.സി.ഏരിയിൽ കുഴൽ കിണർ നിർമ്മാണം.	200000 (CFC)	40781	35781	22400999/08.01.2025
2	159/25	ഉപ്പട [illegible] കുഴൽ കിണർ നിർമ്മാണം.	250000 (CFC)	36179	31179	22401221/29.03.2025
		ആകെ.			66,960	

എന്നാൽ പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുകയായ 66,960/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 18/05.11.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-19 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെടുന്നതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (TechnicalCommittee) ഉൾപ്പെടുന്ന സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ നൽകേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ

തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമയപരിധിയും ബാധ്യതയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവ്വഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത ഇലക്ട്രിക്കൽ പ്രവൃത്തിയിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ/ പേര്.	അടങ്കൽ തുക.	ചെലവ് തുക.	ബിൽ നമ്പർ, തീയ്യതി.	ഫണ്ട്.
166/25 - വിവിധ അങ്കണവാടികളുടെ വയറിംഗ്.	750000	696449	221509520I1300964418/27.12.2022	മെയിന്റനൻസ് ഫണ്ട് - റോഡിതരം.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനീയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള ഓണറേറിയം മുഴുവനായും (3112 + 9335 + 3112 = 15559) ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് കോസ്റ്റ് ഓഫ് സർവ്വീസ് നൽകി സാക്ഷ്യപത്രം വാങ്ങിയതായും കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 20/05.11.2025 –മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-20 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 30,18,736/- രൂപ കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

ക്രമ നമ്പർ.	പ്രൊജക്ട് നമ്പർ.	പ്രൊജക്ടിന്റെ പേര്.	അടങ്കൽ തുക.	മുൻകൂർ നൽകിയ തുക.	വൗച്ചർ /ബിൽ നമ്പർ & തീയതി.
1	06/25	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ.	2549000 (CFC)	2500000	22401021/20.02.2025
2	157/25	എം.സി.എഫ് വൈദ്യുതീകരണം രണ്ടാം ഘട്ടം.	373800 (CFC)	209920	22401037/17.02.2025
3	269/25	സ്ട്രീറ്റ് ലൈറ്റ് കൺട്രോളുകൾ സ്ഥാപിക്കുന്നതിന് അധിക തുക അടയ്ക്കൽ.	163677 (തനത് ഫണ്ട്).	163677	22400339/06.08.2024
4	329/25	അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ - അധിക തുക അടയ്ക്കൽ.	20000 (തനത് ഫണ്ട്).	14145	22401107/14.03.2025

5	271/25	സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾക്ക് വൈദ്യുതി കണക്ഷൻ.	140000 (തനത് ഫണ്ട്).	99375	22400378/21.08.2024
				3619	22400389/24.08.2024
		ആകെ		30,18,736	

എന്നാൽ പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ. 18/05.11.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല)

1-21 ശിശുദിന സ്റ്റാമ്പിന്റെ വില തനത് ഫണ്ടിൽ നിന്ന് അനുവദിച്ചു.

ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്കും വിതരണം ചെയ്യാൻ ആവശ്യപ്പെട്ട് കൊണ്ട് കേരള സംസ്ഥാന ശിശുക്ഷേമ സമിതി 16.08.2023 തീയതിയിലെ സി.ഡി.എസ്./2022-2023/കേ.സം.ശി.ക്ഷേ.സ നമ്പർ കത്തിനോടൊപ്പം അയച്ച് തന്ന 15 രൂപ മൂല്യമുള്ള 500 സ്റ്റാമ്പുകളുടെ വിലയായ 7,500/- രൂപ യഥാസമയം അടവാക്കാതെ, 2024-25 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്ന് വൗച്ചർ നമ്പർ.22408789/26.12.2024 പ്രകാരം അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റാമ്പുകളുടെ വിലയായി പിരിച്ചെടുത്ത തുകയാണ് ശിശുക്ഷേമ സമിതിക്ക് നൽകേണ്ടിയിരുന്നത്. ആയതിന് പകരം തനത് ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 7/31.10.2025) മറുപടി ലഭ്യമാക്കിയില്ല. ലഭിച്ച സ്റ്റാമ്പുകൾ വില്പന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് ഭരണസമിതി തീരുമാനമായതായും കാണുന്നില്ല. 7,500/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

1-22 ഹെൽത്ത് ആന്റ് വെൽനസ് സെന്റർ ബ്രാന്റിംഗ് പ്രവൃത്തിയിലെ അപാകതകൾ

പ്രോജക്ട് നമ്പർ/ പേര് : 266/25 (കുടുംബാരോഗ്യ കേന്ദ്രത്തിലും സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനസ് സെന്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ)

അടങ്കൽ : 70,445/-

ചെലവ്: 70,445/-

ഫണ്ടിനം : ഹെൽത്ത് ഗ്രാന്റ്

മേൽ പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർ നമ്പർ	തുക	റിമാർക്ക്
1	Pfms-C102431232152/17.10.2024	56600	സബ്സെന്റർ ബ്രാന്റിംഗിന് (ക്വട്ടേഷൻ മുഖേന) Antone Arts
2	Pfms Co32593418989/22.03.2025	663	മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് (ക്വട്ടേഷൻ മുഖേന)
3	Pfms Co2596739069/29.3.2025	8101	കൊച്ചിൻ സർജിക്കൽസ്
4	Pfms Co32594235527/29.3.2025	601	മരുന്നിന്
5	Pfms Co92418230932/12.09.2024	4480	ചിലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല ശ്രീ സുരേഷിന്
	ആകെ	70445 രൂപ	

ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ വേണ്ടി [illegible] പഞ്ചായത്തിലെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബ്രാന്റിംഗ് ചെയ്യുന്നതിന് (കെട്ടിടത്തിന്റെ ചുമരിൽ എംബ്ലം വരക്കൽ, ബോർഡ് എഴുതൽ) മേൽ പട്ടികയിലെ ക്രമ നം 1 പ്രകാരം 56600 രൂപ Health Grant അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം. 415810114155) മെഡിക്കൽ ഓഫീസർ പിൻവലിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

AIMS

1. പ്രവൃത്തി നടപ്പാക്കുന്നതിന് ചട്ട പ്രകാരമുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും ക്വട്ടേഷൻ അംഗീകരിച്ചതിന്റെ രേഖകളും കാണാനില്ല.

2. ഏതെല്ലാം സബ് സെന്ററുകളിലാണ് ബ്രാൻഡിംഗ് ചെയ്തത് എന്ന് വ്യക്തമല്ല.

3. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

5. Health Grant അക്കൗണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ 56600 രൂപ പിൻവലിക്കുകയും പിന്നീട് രേഖയായി "Autone Arts , Pothukal" എന്ന സ്ഥാപനത്തിന്റെ 169 നമ്പർ ബിൽ പ്രകാരമുള്ള 23500 രൂപയുടെ ബിൽ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ഒരേ വൗച്ചറിന് രണ്ട് തവണ തുക നൽകിയത് അംഗീകരിക്കാനില്ല. തുടർന്ന് പിന്നീട് രേഖകളും ഹാജരാക്കേണ്ടതാണ്.

6. "Autone Arts , Pothukal" എന്ന സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീത് ഫയൽ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 27/2024-25, തീയതി : 07.11.2025

നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന നിർവ്വഹണ രീതികളിൽ നിർവ്വഹണ ഏജൻസിയുമായി/സ്ഥാപനവുമായി/കരാറുകാരനുമായി [illegible] സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. ബ്രാൻഡിംഗ് പ്രവൃത്തിക്കായി കരാറുകാരെ കണ്ടെത്തുന്നതിന് ക്ഷണിച്ച ക്വട്ടേഷൻ രേഖകൾ/പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ഒറിജിനൽ ബില്ലുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വ്യക്തമായ രേഖയുടെ അഭാവത്തിൽ സബ് സെന്റർ ബ്രാൻഡിംഗിനായി വിനിയോഗിച്ച ചെലവ് തുക 56600 രൂപ തടസ്സം ചെയ്യുന്നു.

I-23 റോഡ് മെയിന്റനൻസ് ഫണ്ട് 77 ലക്ഷം രൂപ ലാപ്സായി

നിലവിൽ 19 വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ്, ഇനത്തിൽ 7733491 രൂപ ലാപ്സായി എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	അലോട്ട്മെന്റ്	ചെലവ്	ലാപ്സായ തുക
മെയിന്റനൻസ് ഗ്രാന്റ് റോഡ്	18295000	10561509	7733491

റോഡ് വികസനത്തിന് മാത്രം വിനിയോഗിക്കാൻ കഴിയുന്ന ഫണ്ടാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്. 18 വാർഡുകളിലായി ആകെ 10561509 രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ഈ വർഷം ചെലവഴിക്കാനായത് എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന വിധത്തിൽ 132 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പ്രോജക്ടുകളും റോഡ് പ്രവൃത്തികളാണ്. അനുവദിക്കപ്പെട്ട ഫണ്ടിൽ 57.72 % ഫണ്ട് വിനിയോഗിക്കാനായി എന്ന് സുലേഖയിലെ കൺട്രോൾ രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നു. പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും , റോഡ് ആസ്തിക വർദ്ധനം എന്നിവക്കായാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു . വികസന കാര്യ സ്ഥിരം സമിതിയുടെ ഇടപെടലുകൾ ഫലപ്രദമായില്ല എന്നും പദ്ധതി അവലോകന യോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാതിരുന്നതും ഫണ്ട് ലാപ്സാവാൻ സാഹചര്യം ഒരുക്കി എന്ന് വിലയിരുത്തുന്നു. 77ലക്ഷം രൂപയുടെ ഗുണ ഫലങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 13/3.11.25 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ ഫണ്ട് യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

I-24 ഇ ടെണ്ടർ ഫീ -ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇ- ടെണ്ടർ ആവശ്യങ്ങൾക്കായി എസ്ബിഐ SBI A/C No. 43783019082 അക്കൗണ്ട് ഉണ്ടായിരുന്നെങ്കിലും നാളിതുവരെയായും തുക ലഭ്യമായതായി കാണുന്നില്ല. ഇ-ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് മൂലം തനത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നു. മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടപടി സ്വീകരിക്കുന്ന അസി. എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് ട്രഷറി പ്രസ്തുത അക്കൗണ്ട് ഇ ടെണ്ടർ മൊഡ്യൂളുമായി മാപ്പ് ചെയ്യാത്തത് മൂലമാണ് വരുമാന നഷ്ടം ഉണ്ടാവുന്നത്. അക്കൗണ്ട് ഇ ടെണ്ടർ മൊഡ്യൂളുമായി മാപ്പ് ചെയ്യുന്നതോടെ തുക നിലവിൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന ടെണ്ടർ ജില്ലാ പഞ്ചായത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്.ഇ ടെണ്ടറിൽ ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3180/2017 LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇപ്രകാരം തുടങ്ങുന്ന അക്കൗണ്ട് E Tender മൊഡ്യൂളുമായി മാപ്പ് ചെയ്ത് ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പോത്തുകല്ല് പഞ്ചായത്തിൽ ഇപ്രകാരം ബാങ്ക് അക്കൗണ്ട് ടെണ്ടർ മൊഡ്യൂളുമായി മാപ്പ് ചെയ്തിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ ഉള്ള വരവുകളിലൊന്ന് ഉൾപ്പെടെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ലഭ്യമാക്കുന്നതിനും, തനത് അക്കൗണ്ട് ടെണ്ടർ ശരിയായി മാപ്പ് ചെയ്യുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും ഇത് നടപടി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.16/5.11.25 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-25 കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ സ്ഥാപിക്കൽ –അധികം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരിച്ച അടവാക്കേണ്ടതാണ്.

(V-E)

നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
പ്രൊജക്ട് നമ്പർ	93/25
പ്രൊജക്ടിന്റെ പേര്	വ്യക്തികൾക്ക് വീടുകളിൽ കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ സ്ഥാപിക്കൽ
അടങ്കൽ	അടങ്കൽ : 564300/-
ചെലവ് ₹	564300/-
ഫണ്ടിനം	(ധനകാര്യ കമ്മീഷൻ അവാർഡ്- RS. 500000 + തനത് ഫണ്ട് - Rs. 7870 + ഗു.വിഹിതം - Rs. 56430)
വൗച്ചർ നമ്പർ	1) 22401206/ 28.03.2025; Rs. 56430/- 2) 22401207/ 28.03.2025; Rs. 7870/- 3) 22401240 / 31.03.2025 ; Rs. 489922/-; GST: Rs. 10078/-

മേൽ പദ്ധതി പ്രകാരം കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ വാങ്ങുന്നതിന്, ഇ ടെണ്ടർ ക്ഷണിച്ച് ലഭ്യമായ 2 ടെണ്ടറുകളിൽ L1 ആയി ക്വോട്ട് ചെയ്ത Scrappy Innovations Pvt Ltd എന്ന സ്ഥാപനത്തിന്റെ സംസ്ഥാന ശുചിത്വ മിഷൻ 02.08.2023ൽ പുറപ്പെടുവിച്ച 2243/C2/2019/SM ഉത്തരവ് പ്രകാരം കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ എന്ന മാലിന്യ സംസ്കരണ ഉപാധിക്ക് ഒരു യൂണിറ്റിന് 6270 രൂപ എന്ന നിരക്ക് (ജി.എസ്.ടി കൂടാതെ 5598.21 രൂപ) അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതനുസരിച്ച് 90 കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ ഇൻവോയ്സ് നമ്പർ 828/24-2526, Dt. 22.03.2025 പ്രകാരം ലഭ്യമാക്കി 90 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ജിയോ ടാഗിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 90 കിച്ചൻ വേസ്റ്റ് ഡൈജസ്റ്ററിന് ഗുണഭോക്തൃ വിഹിതയിനത്തിൽ 627രൂപ (10% തുക) നിരക്കിൽ പിരിച്ചെടുക്കേണ്ടതുക 56430 രൂപയാണ് (627 X 90 = 56430). എന്നാൽ പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം 94 പേരിൽ നിന്നും ആകെ 58938 രൂപ പിരിച്ചെടുത്തതായി കാണുന്നു. അധികമായി 2508 രൂപ പിരിച്ചെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8/01.11.2025 ന് മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതം അടച്ച 4 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണ്.

1-26 ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവിൽ ലിസ്റ്റ് ചെയ്യാത്ത സാധനം വാങ്ങി

(H-)

ചുവടെ കൊടുത്ത പ്രൊജക്ടുകൾ മുഖേന ആർട്ട്കോയിൽ നിന്നും സ്റ്റഡി ടേബിളും കസേരയും വാങ്ങിയിട്ടുണ്ട്.

1.

പ്രോജക്ട് നമ്പർ / പേര്	119/25 (പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ കസേര)
നിർവ്വഹണോദ്യോഗസ്ഥൻ	പ്രധാനാധ്യാപകൻ
അടങ്കൽ / ഫണ്ട്	100000 രൂപ
ചെലവ് തുക	49607 രൂപ
ബിൽ/വൗച്ചർ നമ്പർ / തീയതി	24151952035401639287/ 22.03.2025, 49607 രൂപ

ആർട്ട്കോ മലപ്പുറം ഇൻവോയ്സ് നം 2024-25/MPM 561 , Dt. 21.03.2025 പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം	യൂണിറ്റ് പ്രൈസ്	വില (Without Gst)
1	Study Table Made With Prelaminated Board – Sie 90x60x75 Cm	10	3194	31940
2	Steel Armless Chair	10	1010	10100